**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം** — **28.10.2019-ൽ മറുപടിക്ക്**

**നമ്പർ.*17**

## പി.എസ്.സി. പരീക്ഷകളുടെ വിശ്വാസ്യത

**ചോദ്യം**

**ശ്രീ.ടി.എ.അഹമ്മദ് കബീർ**

**ഡോ.എം. കെ. മുനീർ**

**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**

**ശ്രീ.ടി. വി. ഇബ്രാഹിം**

**ഉത്തരം**

**പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | പി.എസ്.സി.പരീക്ഷകളിൽ പൊതുജനങ്ങൾക്കുള്ള വിശ്വാസം തിരികെ കൊണ്ടുവരാൻ സമീപകാല നിയമനങ്ങളെക്കുറിച്ച് വിപുലവും കാര്യക്ഷമവുമായ അന്വേഷണം ആവശ്യമാണെന്ന ഹൈക്കോടതിയുടെ അഭിപ്രായത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | പി.എസ്.സി. പരീക്ഷാ നടത്തിപ്പിൽ കാതലായ മാറ്റങ്ങൾ വരുത്തുകയും കൂടുതൽ കുറ്റമറ്റ രീതിയിൽ നടത്തുന്നതിന്റെ ഭാഗമായി മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പാക്കുകയും പരീക്ഷാ കേന്ദ്രത്തിൽ ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിക്കുന്നത് കർശനമായി നിരോധിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | യൂണിവേഴ്സിറ്റി കോളേജിലെ വധശ്രമകേസ്സിലെ പ്രതികൾക്ക് പോലീസ് റാങ്ക് ലിസ്റ്റിൽ ഉയർന്ന റാങ്ക് ലഭിച്ചതിനെപ്പറ്റിയുള്ള അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും | ക്രൈം ബ്രാഞ്ച് അന്വേഷണം പുരോഗമിച്ചു വരുന്നു |
| (സി) | പ്രസ്തുത പരീക്ഷയുടെ ചോദ്യപേപ്പർ എങ്ങനെയാണ് പുറത്തെത്തിച്ചതെന്നും ഇതുമായി ബന്ധപ്പെട്ട ഗൂഢാലോചനയിൽ ആർക്കെല്ലാം പങ്കുണ്ടെന്നും കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**